**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3599** **14-07-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വാഹനങ്ങളിലെ അലങ്കാര ലൈറ്റുകളും ഉപകരണങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാരത്തിന് ഉപയോഗിക്കുന്ന സ്വകാര്യ വാഹനങ്ങളിൽ നിയമപ്രകാരമല്ലാത്ത അലങ്കാര ലൈറ്റുകളും ഓഡിയോ-വീഡിയോ ഉപകരണങ്ങളും ഘടിപ്പിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത്തരം വാഹനങ്ങളിൽ തീ പിടിച്ച് അപകടമുണ്ടാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഇത്തരത്തിൽ വയറിംഗ് നടത്തിയ വാഹനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | നിയമവിരുദ്ധമായി വയറിംഗ് നടത്തിയ വാഹനങ്ങൾക്കെതിരെ ശക്തമായ നടപടി മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഇത്തരം നിയമലംഘനങ്ങൾ തടയുന്നത് ലക്ഷ്യമിട്ടുകൊണ്ട് മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ ഫോക്കസ്' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും പതിനായിരത്തോളം വാഹനങ്ങൾക്കെതിരെ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇത്തരത്തിൽ കണ്ടെത്തുന്ന വാഹനങ്ങളിൽ അനധികൃതമായി ഘടിപ്പിച്ച എല്ലാവിധ സാമഗ്രികളും, ഉപകരണങ്ങളും നീക്കം ചെയ്ത് രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അടുത്ത കാലത്ത് പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും മൈസൂരിലേയ്ക്ക് വിനോദ യാത്ര പോയ KL-57-F-6333 നമ്പർ കോൺട്രാക്ട് കാര്യേജ് ബസിന് മുകളിൽ പൂത്തിരി കത്തിച്ചതും, ബസിനു മുകളിൽ തീ പടർന്നതും, ഉച്ചത്തിൽ പാട്ടുകേൾപ്പിച്ച് ശബ്ദ കോലാഹലമുണ്ടാക്കിയതുമായ സംഭവം മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടി |

| | | | |
|---|---|---|---|
| | | | വാഹനം തിരികെ എത്തിയപ്പോൾ ആലപ്പുഴയിൽ വച്ച് കേസെടുക്കുകയും, ടി വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള എല്ലാവിധ അനധികൃത സാമഗ്രികളും, ഉപകരണങ്ങളും നീക്കം ചെയ്ത് രജിസ്റ്ററിംഗ് അധികാരിയായ പത്തനംതിട്ട റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ മുമ്പാകെ 7 ദിവസത്തിനകം ഹാജരാക്കുവാൻ നിർദ്ദേശം നൽകുകയും അപ്രകാരം പ്രസ്തുത വാഹനം മേലേവെട്ടിപ്രം സി.എഫ് ഗ്രൗണ്ടിൽ പരിശോധനയ്ക്ക് ഹാജരാക്കുകയും ആർ.ടി.ഓ., ജോയിന്റ് ആർ.ടി.ഓ. എന്നിവരുടെ നേതൃത്വത്തിൽ 6 ഓഫീസർമാർ അടങ്ങുന്ന സംഘം വാഹനം പരിശോധിക്കുകയും പരിശോധനയിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വാഹനത്തിന്റെ ഫിറ്റ്നസ് ക്യാൻസൽ ചെയ്യുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ